07-03-2017-നും 23-03-2017-നും മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രൂപത കമ്മിറ്റി എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടന്നു. രൂപതാസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കുള്ള ദീപിക വരിസംഖ്യ സമ്മതപത്രങ്ങളും മുതലക്കോടം സർജിക്കൽ ക്യാമ്പിന്റെ നോട്ടീസുകളും വിതരണം ചെയ്യുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

*DFC 20/2017* **DFC കോർ ടീം മീറ്റിംഗ്**

രൂപതയിലെ കൂരിയ അംഗങ്ങൾ, DFC ഭാരവാഹികൾ, ഫൊറോന വികാരിമാർ, ഭക്തസംഘടനകളുടെ ഡയറക്ടർമാർ, മറ്റ് ഭാരവാഹികൾ, സന്യാസസമൂഹങ്ങളുടെ മേലധികാരികൾ തുടങ്ങിയവർ പങ്കെടുത്ത DFC കോർ ടീം മീറ്റിംഗ് 15-03-2017-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ചേർന്നു. അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ദീപിക എം.ഡി. മോൺ. മാണി പുതിയിടം പങ്കെടുത്ത സമ്മേളനത്തിൽ DFC സംസ്ഥാന ഡയറക്ടർ റവ. ഫാ. റോയി കണ്ണൻചിറ ക്ലാസ്സുകൾ നയിച്ചു. ചർച്ചകളെ തുടർന്ന് പ്രവർത്തനമാർഗ്ഗരേഖയുടെ വിതരണം നടത്തി.

*DFC 21/2017* **പെരിങ്ങഴ - സമ്പൂർണ്ണ ദീപിക ഇടവക**

പെരിങ്ങഴ സെന്റ് ജോസഫ്സ് ഇടവക സമ്പൂർണ്ണ ദീപിക ഇടവകയായി 19-03-2017-ന് അഭിവന്ദ്യപിതാവ് പ്രഖ്യാപിച്ചു. വികാരി റവ. ഫാ. ജോസഫ് കോയ്ത്താനത്തിനും DFC ഇടവക യൂണിറ്റിനും അഭിനന്ദനങ്ങൾ.

*Co-ordinator*

## യുവദീപ്തി

*YD 9/2017* **'ഹിനേനി-2017' യുവജനധ്യാനം**

യുവജനങ്ങൾക്കായി ഒരുക്കുന്ന യുവജനധ്യാനം 'ഹിനേനി-2017' ഏപ്രിൽ 29-ന് ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ മെയ് 2-ാം തീയതി ഉച്ചയ്ക്ക് 1.00 മണി വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഈ വർഷം +2 പരീക്ഷ എഴുതുന്നവരെ പ്രത്യേകം അറിയിക്കുമല്ലോ. (രജിസ്ട്രേഷൻ ഫീസ് 600/- രൂപ.)

*Director*

## ജീസസ് യൂത്ത്

*JY 7/2017* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ മാർച്ച് 10-ാം തീയതി 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടന്നു.



അടുത്ത നൈറ്റ് വിജിൽ ഏപ്രിൽ 7-ാം തീയതി വെള്ളിയാഴ്ചയായിരിക്കും.

*JY 8/2017* **U TURN**

ജീസസ് യൂത്ത് കോതമംഗലം സോൺ ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്കായും ഇടവക യുവജനങ്ങൾക്കുമായി ഒരുക്കുന്ന U TURN Programme ഏപ്രിൽ 30-ാംതീയതി 4.00 pm മുതൽ മെയ് 3-ാം തീയതി 10.00 pm വരെ ഏഴുമുട്ടം താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നു. ഇടവകകളിൽ നിന്നുള്ള യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*JY 9/2017* **24 മണിക്കൂർ ആരാധന**

കേരള സഭയുടെ നിയോഗങ്ങൾക്കായി ജീസസ് യൂത്ത് 24 മണിക്കൂർ അഖണ്ഡാരാധന മാർച്ച് 17 വെള്ളി 7.00 pm മുതൽ മാർച്ച് 18 ശനി 7.00 pm വരെ കാരക്കുന്നം മോചനയിൽവച്ച് നടത്തി.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 12/2017* **മലേക്കുരിശ് തീർത്ഥാടനം**

ഏപ്രിൽ 7-ാം തീയതി നാല്പതാം വെള്ളിയാഴ്ച നടക്കുന്ന ആരക്കുഴ മലേക്കുരിശ് തീർത്ഥാടനത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഇടവക, വാർഡ് തലങ്ങളിലുള്ള ഭാരവാഹികൾ പങ്കെടുക്കുന്നതിന് തീരുമാനിച്ചു. രാവിലെ 8.30-ന് മൂവാറ്റുപുഴ ഹോളിമാഗി പള്ളിയിൽ നിന്ന് ആരംഭിച്ച് 11.30-ന് മലേക്കുരിശിൽ വി. കുർബാനയോടെ സമാപിക്കും.

*FA 13/2017* **രൂപതാകൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കൗൺസിൽ ഏപ്രിൽ 21-ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. എല്ലാ ഫൊറോന ഭാരവാഹികളും പങ്കെടുക്കണം.

*FA 14/2017* **ആനിമേറ്റേഴ്സ് മീറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന ആനിമേറ്റേഴ്സ് മീറ്റിംഗ് ഏപ്രിൽ 21 വെള്ളി 5.00 pm മുതൽ 22 ശനി 1.00 pm വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

*FA 15 /2017* **ഫൊറോനാ സംഗമങ്ങൾ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ 12 ഫൊറോനയിലേയും നേതൃസംഗമങ്ങൾ പൂർത്തിയായി. ഓരോ ഫൊറോനയിലേയും ഇടവക വാർഡുതല നേതാക്കളാണ് സംഗമത്തിൽ പങ്കെടുത്തത്. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും പ്രതിനിധികളുടെ സംശയങ്ങൾക്ക് നിവാരണം നടത്തുകയും ചെയ്തു. സംഗമത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന ഇടവക ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവരുടെ സഹകരണത്തിന് പ്രത്യേകം നന്ദി.

*FA 16 /2017* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| April | 5 - 7 | - | NESTT |
| " | 19 - 21 | - | NESTT |

*FA 17 /2017* **Marriage Preparation Course in Kerala, April 2017**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alappuzha | | 7-9 | | |
| Changanacherry | 3-5 | 6-8 | 17-19 | 24-26 |
| Ernakulam (Kaloor) | 3-5 | 10-12 | 17-19 | 24-26 |
| | | | | 30-2 |
| Ernakulam (Kalady) | | | 18-20 | 25-27 |
| Idukki | | 10-12 | | 24-26 |
| Irinjalakuda | 6-8 | | 18-20 | 24-26 |
| Kanjirappally | 3-5 | | 17-19 | 27-29 |
| Kannur | 2-4 | | | |
| Kochi (Latin) | | 6-9 | | 27-30 |
| Kollam (Latin) | 5-7 | | | 26-28 |
| Kothamangalam | 5-7 | | 19-21 | |
| Kottappuram (Latin) | 5-7 | | | |
| Kottayam | | 10-12 | | |
| Kozhikode | | | 19-23 | |
| Mananthavady | | 7-10 | | 19-22 |
| Mavelikkara (Malankara) | | 7-9 | | |
| Muvattupuzha (Malankara) | | 6-8 | | |
| Neyyattinkara (Latin) | | 12-14 | | |
| Pala | | 10-12 | | 24-26 |
| Palakkad | 3-6 | | | |
| Pathanamthitta | | 7-9 | | |
| Sulthanpett | | 8-9 | | |
| Thalassery | 4-6 | | 18-20 | 25-27 |
| Thamarassery | 5-8 | | | |
| Thiruvalla | 4-6 | | | 25-27 |
| Thiruvananthapuram (Latin) | 3-5 | | 21-23 | |
| Thiruvananthapuram (Malankara) | | 14-16 | | |
| Thrissur | 5-7 | | 19-21 | 26-28 |
| Varappuzha | 7-9 | | 21-23 | |
| Vijayapuram | | 6-8 | 20-22 | |



*Director*

## മാതൃവേദി

*MV9 /2017* **ലോകവനിതാ ദിനം, 'ഗ്ലോറിയ 2017'**

മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 8 –ന് ലോക വനിതാദിനം ആഘോഷിച്ചു. രൂപതാ പ്രസിഡന്റ് ശ്രീമതി നിഷ സോമന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതയിലെ മുഴുവൻ ഭാരവാഹികളും ഉൾപ്പെടെ ഏകദേശം 750 പേർ ഇതിൽ പങ്കെടുത്തു. വിവിധ രംഗങ്ങളിൽ മികവു പുലർത്തിയ വനിതാരത്നങ്ങളെ ആദരിച്ചു. ശ്രീമതി ഗ്രെയ്സ് ലാൽ ക്ലാസ് നയിച്ചു.

*MV10 /2017* **ജൈവ പച്ചക്കറി**

I – ആൻസി അഗസ്റ്റിൻ, നെല്ലിക്കൽ, മൂവാറ്റുപുഴ
II – സാലി പോൾ, ആടുകുഴിയിൽ, കുളപ്പുറം
III – ഉഷാ ജോണി, കല്ലാങ്കൽ, അഞ്ചിരി

സ്പെഷ്യൽ ജൂറി അവാർഡ് – ഏലിക്കുട്ടി, പാണംപീടികയിൽ, മീൻമുട്ടി

ബിസിനസ് എക്സലൻസ്
അവാർഡ് – ജിമ്മി രാജു, കാക്കനാട്ട്, മൂവാറ്റുപുഴ

*MV11 /2017* **സങ്കീർത്തനാലാപനം**

| | | | | |
|---|---|---|---|---|
| I | - | ആരക്കുഴ ഫൊറോന | - | തോട്ടക്കര യൂണിറ്റ് |
| II | - | മൂവാറ്റുപുഴ ഫൊറോന | - | മൂവാറ്റുപുഴ യൂണിറ്റ് |
| III | - | മുതലക്കോടം ഫൊറോന | - | മുതലക്കോടം യൂണിറ്റ് |

*MV12 /2017* **ബൈബിൾ ക്വിസ്സ്**

| | |
|---|---|
| I മാറിക ഫൊറോന | - ആനീസ് ജോൺ, മണ്ണൂർ<br>ബെറ്റ്സി ബെന്നി കരിമ്പടക്കുഴിയിൽ |
| II കരിമണ്ണൂർ ഫൊറോന | - ലാലി സെബാസ്റ്റ്യൻ കുന്നേൽ,<br>ബെറ്റ്സി ജോയി തെക്കെച്ചെരുവിൽ |
| III കോതമംഗലം ഫൊറോന | - മേരി ജോണി തകിടിയിൽ,<br>ബിന്ദു ജെയ്സൺ വട്ടക്കുന്നേൽ |
| വാഴക്കുളം ഫൊറോന | - ജോമോൾ സജി മുല്ലശ്ശേരിൽ,<br>ഗ്ലോറി ബിജു ചെറുപറമ്പിൽ |

പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നല്കി അഭിനന്ദിച്ചു.

*MV13 /2017* **ഉണർവ്വ് 2017**

മാർച്ച് 21 -ന് രാവിലെ 9.30 മുതൽ 3.30 വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററിൽ സെന്ററിൽ വച്ച് ഉണർവ്വ് പ്രോഗ്രാം നടന്നു.

*MV14 /2017* **ഫാമിലി ഗൈഡൻസ് സെന്റർ**

എല്ലാ ദിവസവും നെസ്റ്റ് പാസ്റ്ററൽ സെന്ററിലെ ഫാമിലി ഗൈഡൻസ് സെന്ററിൽ കൗൺസലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| തിങ്കൾ - ശനി | 9.30 am - 4.00 pm |
| ഞായർ | 1.30 pm - 4.30 pm |

ബുക്കിംഗ് നമ്പർ - 9539658158, 9495011191

*MV15 /2017* **K.C.B.C Women's Commission**

ഫെബ്രുവരി 23-ാം തിയതി പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് നടന്ന വിമൻസ് കമ്മീഷന്റെ ജനറൽ ബോഡിയിൽ ഡയറക്ടർ



ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തും മറ്റു ഭാരവാഹികളും പങ്കെടുത്തു. സോണൽ മീറ്റിംഗ് എറണാകുളത്തുവച്ച് നടത്തുവാൻ തീരുമാനിച്ചു. മാർച്ച് 10-ാം തീയതി പി.ഒ.സി. യിൽ കൂടിയ കേരള കാത്തലിക് ഫെഡറേഷന്റെ പൊതുയോഗത്തിൽ ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ ആദരിക്കപ്പെട്ടു. ഡെൽസി ലൂക്കാച്ചന് രൂപതയുടെ അഭിനന്ദനങ്ങൾ.

*MV16 /2017* **വനിതാ അവാർഡ്**

കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സീറോമലബാർ റീത്തുകളിൽ നിന്നും വനിതാ അവാർഡിനു തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ രൂപതാംഗമായ ശ്രീമതി ഡെൽസി ലൂക്കാച്ചന് രൂപതയുടെയും മാതൃവേദിയുടെയും പ്രാർത്ഥനകളും അഭിനന്ദനങ്ങളും ആശംസിക്കുന്നു.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 7 /2017* **പ്രധാനമന്ത്രിക്ക് ഭീമഹർജി**

യമനിൽ ഭീകരുടെ തടങ്കലിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിന്റെ മോചനം ഉടൻ സാധ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രിയ്ക്ക് കത്തോലിക്കാ കോൺഗ്രസ് കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ഭീമഹർജി നല്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കോതമംഗലം രൂപതയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തുന്ന ഒപ്പുശേഖരണത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ടോം അച്ചനെ ഭീകരർ തട്ടിക്കൊണ്ടുപോയിട്ട് ഒരു വർഷം തികയുന്ന 04-03-2017-ൽ കോതമംഗലം ബിഷപ്പ് ഹൗസിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ പൊതുയോഗത്തിൽ വച്ച് രൂപതാ ഡയറക്ടറും വികാരി ജനറാളുമായ മോൺ. ജോർജ് ഓലിയപ്പുറം നിർവ്വഹിച്ചു. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ രൂപത, ഫൊറോന, യൂണിറ്റ് തല നേതാക്കൾ എന്നിവർ പങ്കെടുത്തു.

*Director*

# Emmanuel Retreat Centre, Vazhakulam

*ERC 7 /2017* **ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ**

1 ഒന്നാംവ്യാഴം (06-04-2017)
"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

2 രണ്ടാം ശനിയാഴ്ച (08-04-2017)
"രോഗീദിനം"
ക്യാൻസർ രോഗികൾ, കിഡ്നി രോഗികൾ മറ്റു മാരകരോഗങ്ങളാൽ വിഷമിക്കുന്നവർക്കുവേണ്ടിയുള്ള പ്രത്യേക സൗഖ്യപ്രാർത്ഥന ശുശ്രൂഷ രാവിലെ 9.00 മണി ഉച്ചക്ക് 1.00 മണി വരെ ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന.

3 മൂന്നാം ശനി (15-04-2017) 'വിടുതൽ ശുശ്രൂഷ'
വിവിധ കാരണങ്ങളാൽ കുടുംബത്തിലും ജീവിതത്തിലും തടസ്സങ്ങൾ മൂലം വേദനിക്കുന്നവർ- വിവാഹതടസ്സം, ജോലി തടസ്സം കുഞ്ഞുങ്ങളില്ലാത്ത അവസ്ഥ, കടഭാരങ്ങളാൽ കഷ്ടപ്പെടുന്നവർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. രാവിലെ 9.00 മണി മുതൽ 1.00 മണി വരെ-ജപമാല, വി. കുർബാന, ദിവ്യകാരുണ്യ ആരാധന.

4 മൂന്നാം വ്യാഴം (20-04-2017)
"അഖണ്ഡ കരുണക്കൊന്ത", 9.30 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കും.

5 അവസാന തിങ്കൾ (24-04-2017)
സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥന. വിസ്ഡം മിഷൻ (Wisdom Mission) ന്റെ നേതൃത്വത്തിൽ. ബഹു. വൈദികരും അല്മായരും പങ്കെടുക്കുന്നു. വൈകിട്ട് 6.30 മുതൽ 9.00 മണിവരെ.

6 അവസാന വെള്ളി - രാത്രി ആരാധന (Night Vigil) (29-04-2017)

വൈകുന്നേരം 4.30 മുതൽ കുരിശിന്റെ വഴിയോടുകൂടി ആരംഭിക്കും. വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, സൗഖ്യപ്രാർത്ഥന. രാത്രി 10 മണിക്ക് ജപമാല പ്രദക്ഷിണത്തോടെ ശുശ്രൂഷകൾ സമാപിക്കും.



*ERC 8 /2017* **ആന്തരികസൗഖ്യധ്യാനം**

2017 ഏപ്രിൽ 24, 25, 26 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ 8, 9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടിയും, 2017 മെയ് മാസം 8, 9, 10 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ 4, 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടിയും ആന്തരികസൗഖ്യധ്യാനം എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നു.

ധ്യാനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യുവാൻ സൗകര്യം ഉണ്ട്. ഫീസ് 300/- രൂപയാണ്. ധ്യാനത്തിൽ പങ്കെടുക്കുന്ന കുട്ടികൾ ബൈബിൾ, നോട്ടുബുക്ക്, പേന എന്നിവ കൊണ്ടുവരണം.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 3 /2017* **ക്രിസ്റ്റീൻ ധ്യാനം**

കോതമംഗലം സബ് സോൺ പ്രാർത്ഥനാഗ്രൂപ്പിന്റെയും ശോഭന പബ്ലിക് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ കോതമംഗലം ശോഭന സ്കൂളിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു.

8 മുതൽ +2 വരെയുള്ള കുട്ടികൾക്കായുള്ള ക്രിസ്റ്റീൻ ധ്യാനം ഏപ്രിൽ 25 ചൊവ്വ രാവിലെ 8 മണിക്കാരംഭിച്ച് 28 വെള്ളി വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

സെഹിയോൻ അട്ടപ്പാടി, അഭിഷേകാഗ്നി മിനിസ്ട്രിയുടെ ക്രിസ്റ്റീൻ ടീം നയിക്കുന്ന ധ്യാനത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകും. രജിസ്ട്രേഷൻ ഫീസ് 350 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്കായിരിക്കും ധ്യാനത്തിന് പ്രവേശനം ലഭിക്കുക. വിശദ വിവരങ്ങൾക്ക്: ജോൺ അലക്സ്, കോ-ഓർഡിനേറ്റർ 9847711355 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 14/2017* **സീറോ മലബാർ സഭ അംഗീകാരം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ സീറോമലബാർ പാരമ്പര്യത്തിൽ പരിഷ്കരിച്ച അനുഷ്ഠാനക്രമങ്ങൾക്ക് സീറോമലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്ത അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അംഗീകാരം നൽകി.

*SFO 15/2017* **വാർഷിക ആഘോഷം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ രൂപതാതല വാർഷിക ആഘോഷം 2017 മാർച്ച് 26-ാം തീയതി ആലക്കോട് വി. തോമസ് മൂർ ഇടവക ദൈവാലയത്തിൽ വച്ച് നടത്തി. രാവിലെ 10.00 മണിക്ക് വി. കുർബാനയോടെ കർമ്മങ്ങൾ ആരംഭിച്ചു. വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ 11.15-ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ പുരയിടം മുഖ്യപ്രഭാഷണം നടത്തി.

*SFO 16/2017* **സന്ദർശനം**

മരിയൻ ഫ്രട്ടേണിറ്റി 17-03-2017-ൽ തൊടുപുഴയുള്ള അഗതി മന്ദിരം സന്ദർശിച്ച് ഏകദിന പ്രാർത്ഥന നടത്തി. 10000 രൂപയുടെ ധന സഹായം നൽകി.

പള്ളിക്കാമുറി ഭ്രാതൃത്വം നടുക്കര അഗതിമന്ദിരം സന്ദർശിച്ച് 8000 രൂപയുടെ ധനസഹായം നല്കി.

*SFO 17/2017* **രാത്രി ആരാധന**

മാർച്ച് മാസത്തിലെ രാത്രി ആരാധന മാർച്ച് 3-ാം തീയതി നടത്തുവാൻ സാധിച്ചു. ഏപ്രിൽ മാസത്തിലെ രാത്രി ആരാധന ഏപ്രിൽ 7-ാം തീയതി തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ച് നടത്തപ്പെടുന്നു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 7 /2017* **ഓസാനാം സെന്ററിന്റെ ഉദ്ഘാടനം**

കോതമംഗലം സെന്റർ കൗൺസിലിന്റെ പ്രോജക്ടായ



ഓസാനാം സെന്റർ മാർച്ച് 9-നു രാവിലെ 10 മണിക്ക് അന്തർദേശീയ പ്രസിഡന്റ് റെനാറ്റോ ലിമാ ഡി ഒലിവെയ്റ ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സെന്ററിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. അന്തർദേശീയ വൈസ് പ്രസിഡന്റ് ജനറൽ റ്റി. ജോസഫ് പാണ്ഡ്യൻ, സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് റവ.ഡോ. സ്റ്റനിസ്ലാവൂസ് കുന്നേൽ, നാഷണൽ പ്രസിഡന്റും ടെറിട്ടോറിയൽ വൈസ് പ്രസിഡന്റുമായ ഡോ. ജോൺസൺ വർഗീസ്, സെൻ ട്രൽ കൗൺസിൽ പ്രസിഡന്റ് അഡ്വ. ബാബു ജോസഫ് കുമ്പളാങ്കൽ, വികാരി ജനറാൾമാരായ മോൺ. ജോർജ് ഓലിയപ്പുറം, മോൺ. ജോർജ് കാര്യാമഠം, ചാൻസിലർ റവ. ഡോ. ജോർജ് തെക്കേക്കര, കത്തീഡ്രൽ പള്ളി വികാരി ഫാ. മാത്യൂസ് മാളിയേക്കൽ, വിവിധ ഇടവകവികാരിമാർ, നാഷണൽ കൗൺസിൽ ഭാരവാഹികൾ, സെൻട്രൽ കൗൺസിൽ ഭാരവാഹികൾ, ഏരിയ കൗൺസിൽ പ്രസിഡന്റുമാർ, കോൺഫ്രൻസ് പ്രസിഡന്റുമാർ, മറ്റു ഭാരവാഹികൾ, പ്രവർത്തക അംഗങ്ങൾ തുടങ്ങി ആയിരത്തോളം ആളുകൾ തദവസരത്തിൽ സന്നിഹിതരായിരുന്നു. തുടർന്നു പാരീഷ് ഹാളിൽ നടന്ന യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് അഡ്വ. ബാബു ജോസഫ് കുമ്പളാങ്കൽ അദ്ധ്യക്ഷനായിരുന്നു.

*Animator*

## കേരള ലേബർ മൂവ്മെന്റ്

*KLM 6 /2017*

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന ലീഡേഴ്സ് ക്യാമ്പ് മാർച്ച് 11, 12 തീയതികളിൽ തൃക്കാക്കര CST ജനറലേറ്റിൽ വച്ചു നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം കെ.സി.ബി.സി. ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല നിർവഹിച്ചു. അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ മറ്റുള്ളവരുടെ ചൂഷണത്തിന് വിധേയരാകുന്നത് തടയുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കെ.എൽ.എം. നേതാക്കന്മാർ പ്രതിജ്ഞാബദ്ധരായിരിക്കണമെന്നും അഭിവന്ദ്യപിതാവ് ഉദ്ഘാടന സന്ദേശത്തിൽ ആഹ്വാനം ചെയ്തു.

പാവപ്പെട്ടവരെയും തൊഴിലാളികളെയും ഏറ്റവും കൂടുതൽ

ബാധിക്കുന്ന റേഷൻ കാർഡ് പുനർനിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ കെ.എൽ.എം. -ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സമരപരിപാടികൾ ആരംഭിക്കുവാനും തീരുമാനിച്ചു.

*KLM 7 /2017*

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇടവകതലത്തിലുള്ള കുടുംബ സർവ്വേയുടെ ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് 15-03-2017 ബുധനാഴ്ച കോലടി ഇടവകയിൽ വച്ചു നടത്തി. ഇടവക വികാരി ഫാ. ജേക്കബ് വടക്കുംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു.

*KLM 8 /2017*

കെ.എൽ.എം. യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ള ഇടവകകളിൽ കെ.എൽ.എം. സർവ്വേ ആരംഭിച്ചു.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| April | 5 - 7 | - വിവാഹഒരുക്കസെമിനാർ |
| " | 19 - 21 | - വിവാഹഒരുക്ക സെമിനാർ |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| ” | Chemparathy George | " | 24 |
| ” | Chettoor George | " | 24 |
| ” | Kadukummackal George | " | 24 |
| ” | Kapiarumala George | " | 24 |
| ” | Karakunnel George | " | 24 |
| Rev. Mgr. | Kariamadam George | " | 24 |
| Rev. Fr. | Kochuparambil George | " | 24 |



| | | | |
|---|---|---|---|
| Rev. Fr. | Kurisummoottil George | **April** | 24 |
| ” | Kurukkoor George | " | 24 |
| ” | Maleparambil George | " | 24 |
| ” | Mandapathil Varkey | " | 24 |
| ” | Marappillil George | " | 24 |
| ” | Mulanjanany George | " | 24 |
| ” | Mundackal George | " | 24 |
| ” | Nedumkallel George | " | 24 |
| ” | Nirappath George | " | 24 |
| Rev. Mgr. | Oliapuram George (Jr.) | " | 24 |
| Rev. Fr. | Oliapuram George (Sr.) | " | 24 |
| ” | Paramel Varghese | " | 24 |
| ” | Pallikunnel Georgy | " | 24 |
| ” | Parankimyalil George | " | 24 |
| ” | Peechanikunnel George | " | 24 |
| ” | Pottackal George | " | 24 |
| ” | Pullan George | " | 24 |
| ” | Pulpra George | " | 24 |
| ” | Thachil George | " | 24 |
| ” | Thadikkatt George | " | 24 |
| ” | Thanathuparambil George | " | 24 |
| ” | Thekkeattath George | " | 24 |
| ” | Thekkekara George | " | 24 |
| ” | Vadakel George | " | 24 |
| ” | Vallomkunnel George | " | 24 |
| ” | Vandanakara George | " | 24 |

## വാർത്തയും വിശേഷങ്ങളും

### ഗുഡ്നെസ് ടി.വി. ഒരുക്കുന്നു... “ദാവീദിന്റെ കിന്നരങ്ങൾ” A Real life Music show. Ground Audition May 6th 2017

ഗുഡ്നെസ് ടി.വി. ഇടവകകളിലെ ക്വയർ ടീമുകൾക്കായി ഒരുക്കുന്ന “ദാവീദിന്റെ കിന്നരങ്ങൾ” എന്ന മ്യൂസിക്കൽ റിയാലിറ്റി ഷോയിലേക്ക് ടീമംഗങ്ങളെ ക്ഷണിക്കുന്നു. മെയ് മാസം 6-ാം തീയതി രാവിലെ 9.00 മണിക്ക് നിർമ്മല കോളേജ് ഓഡിറ്റോറിയത്തിൽ രൂപതാദ്ധ്യക്ഷൻ

അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നടത്തുന്നു. തുടർന്ന് നടക്കുന്ന Ground Audition-ലേക്ക് കോതമംഗലം, മൂവാറ്റുപുഴ, വിജയപുരം രൂപതകളുടെ കീഴിലുള്ള എല്ലാ ഇടവകപള്ളികളിൽ നിന്നുമുള്ള ക്വയർ ടീമുകളെ പങ്കെടുക്കുന്നതിനായി സസ്നേഹം ക്ഷണിക്കുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കുമായി ബന്ധപ്പെടുക. ഫോൺ. 8281282334, 9495035427

ഡയറക്ടർ, ഗുഡ്നെസ് ടി.വി.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി**

13 • മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ചു നടന്ന രൂപതയിലെ പ്രൊഫഷണൽ കോളേജുകളുടെ board meeting-ൽ പങ്കെടുത്തു.

15 • കോതമംഗലം രൂപതാംഗവും കോടിക്കുളം ഇടവകാംഗവുമായ റവ. ഫാ. ജോസഫ് പാറയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 • വെളിയേൽച്ചാൽ ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി.

17 • ആയവന, സേക്രട്ട് ഹാർട്ട് എൽ.പി.സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

18 • കോലടി ഇടവകാംഗമായ ഫാ. ജോർജ് കാരക്കൊമ്പിലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

• മൈലക്കൊമ്പ് ഇടവകയിൽ വച്ച് നടന്ന മൈലക്കൊമ്പ് ഫൊറോനയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

19 • ആയവന ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

20 • ഫ്രാൻസിസ്കൻ-ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ വിജയവാഡ പ്രൊവിൻസിന്റെ കീഴിൽ വാഴപ്പിള്ളിയിലുള്ള "ജ്യോതിഭവൻ" മഠത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.



• സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ (SMS) ചാപ്റ്ററിനോടനുബന്ധിച്ച് ഊന്നുകൽ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 • CMI സഭയുടെ മൂവാറ്റുപുഴ കാർമ്മൽ പ്രവിശ്യാംഗമായ ഫാ. ബെന്നോ കല്ലുപുരയ്ക്കകത്ത് CMI-യുടെ മൃതശരീരത്തിങ്കൽ വാഴക്കുളം ആശ്രമദൈവാലയത്തിൽ വച്ച് ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

• ആലുവ, മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ സെമിനാരി കമ്മീഷൻ വിസിറ്റ് നടത്തി.

22 • Canon Law Society of Kerala-യുടെ നേതൃത്വത്തിൽ നടന്ന കാനൻ ലോ സെമിനാറിൽ പങ്കെടുത്തു.

23 • കോതമംഗലം, മൈനർ സെമിനാരിയിൽ സെന്റ് ജോസഫ്സ് ഡേ ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭാംഗമായ സി. ലീന മരിയ FCC-യുടെ മൃതശരീരത്തിങ്കൽ വാഴപ്പിള്ളി മഠം കപ്പേളയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

24 • പരീക്കണ്ണിയിൽ വച്ച് ജീവ മിൽക്കിന്റെ നേതൃത്വത്തിൽ എൺപതോളം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു.

• പോത്താനിക്കാട്, സെന്റ് സേവ്യേഴ്സ് ഇടവകയിൽ പുതുക്കി നിർമ്മിച്ച ഇടവക സിമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

25 • പന്നിമറ്റം ഇടവകയിൽ പുതിയതായി നിർമ്മിച്ച പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ നാമത്തിലുള്ള ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• വാഴക്കുളം ഇടവകാംഗമായ ബഹു. ജോസഫ് നമ്പ്യാപറമ്പിലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

• ആരക്കുഴ ഇടവകയിൽ വച്ച് നടന്ന ആരക്കുഴ ഫൊറോനയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

26 • മാറാടി, സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 • കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27 – മാർച്ച് 5

- MST ഉജ്ജയിൻ റീജിയണിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനകർമ്മത്തിൽ പങ്കെടുത്തു.
- സി. റാണി മരിയായുടെ കബറിടത്തിങ്കൽ വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

**മാർച്ച്**

6 • ഫ്രാൻസിസ്കൻ-ക്ലാരിസ്റ്റ് സഭാംഗമായ സി. ക്രിസ്റ്റഫർ FCC യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴപ്പിള്ളി മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

8 • പാലക്കാട് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അമ്മയുടെ മൃതശരീരത്തിങ്കൽ വളമംഗലം സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

- ലോകവനിതാദിനത്തോടനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് "ഗ്ലോറിയ" എന്ന പേരിൽ സംഘടിപ്പിച്ച വനിതാദിനാഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.
- നെടിയകാട് ലിറ്റിൽ ഫ്ളവർ പള്ളിയിലെ കാരുണ്യഭവന പദ്ധതിപ്രകാരം നിർമ്മിച്ച അഞ്ചു ഭവനങ്ങളുടെ വെഞ്ചരിപ്പും താക്കോൽ ദാനവും നിർവഹിച്ചു.

9 • കോതമംഗലത്ത് നിർമ്മിച്ച വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കമ്മിറ്റി ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

- വാഴക്കുളം CMI ആശ്രമദൈവാലയത്തിൽ വച്ച് നടന്ന നാല്പതുമണി ആരാധനയുടെ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന കൗൺസിൽ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മിഷൻലീഗ് ഭാരവാഹികളെ സന്ദർശിച്ച് സന്ദേശം നൽകി.



- കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന കോതമംഗലം ഫൊറോനയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
- മൂവാറ്റുപുഴ CMI പ്രൊവിൻഷ്യൽ ഹൗസിനോട് ചേർന്ന് നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

12 • പാറപ്പുഴ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

14 • കരിമണ്ണൂർ പള്ളിയിലെ നാൽപതുമണി ആരാധനയുടെ തുടക്കം കുറിച്ച്, വി. കുർബാനയർപ്പിച്ച്, സന്ദേശം നൽകി.

15 • ദീപിക ഫ്രണ്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ DFC-യുടെ കോതമംഗലം രൂപത ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

- മൂവാറ്റുപുഴ നിർമ്മല നേഴ്സിംഗ് കോളേജിലെ BSc നേഴ്സിംഗ് വിദ്യാർത്ഥികളുടെ Graduation Ceremony മീറ്റിംഗിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.
- ജാർഖണ്ഡ് കാർമ്മൽ മാതാ പ്രോവിൻസ് സഭാംഗമായ സി. അനില CMC -യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കുറുപ്പംപടി Sts. പീറ്റർ & പോൾ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
- കോലടി, സെന്റ് തോമസ് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

16 • നസ്രത്ത് സന്യാസിനിസഭാംഗമായ സി. ജെമ്മ CSN-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

17 • വടക്കുംമുറി, സാൻജോ മൗണ്ട് ഇടവകയിലെ കുരിശുമല തീർത്ഥാടനത്തോടനുബന്ധിച്ച് ഇടവക ദൈവാലയത്തിൽ വി.കുർബാനയർപ്പിക്കുകയും കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

18 • തിരുഹൃദയ സന്യാസിനി സഭാംഗമായ സി. ആനീസ് SH -ന്റെ മൃതശരീരത്തിങ്കൽ മൈലക്കൊമ്പ് മഠം കപ്പേളയിൽ വച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

- കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ 2016-17 വർഷത്തെ ടീച്ചേഴ്സ് കൺവെൻഷന്റെ ഉദ്ഘാടനം മൂവാറ്റുപുഴ

നെസ്റ്റിൽ വച്ച് നിർവ്വഹിക്കുകയും 2016–17 വർഷത്തെ മികച്ച സ്കൂളുകൾക്കും അധ്യാപക-അനധ്യാപകർക്കുമുള്ള അവാർഡുകൾ വിതരണം നടത്തുകയും ചെയ്തു.

- ഫാമിലി അപ്പോസ്തലേറ്റ് വാഴക്കുളം ഫൊറോന സംഗമം ഉദ്ഘാടനം ചെയ്തു
- മാറിക, സെന്റ് ജോസഫ് ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.
- മാറിക, സെന്റ് ജോസഫ് ഫൊറോന പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും, പുതിയതായി നിർമ്മിച്ച ഇടവക കാര്യാലയത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

19
- നടുക്കര സെന്റ് മാത്യു ഇടവകയിൽ അജപാലന സന്ദർശനം നടത്തി.
- പെരിങ്ങഴ ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച നാല് കാരുണ്യ ഭവനങ്ങളുടെ താക്കോൽ ദാനവും, പെരിങ്ങഴ സമ്പൂർണ്ണ ദീപിക ഇടവകയായി പ്രഖ്യാപനവും നടത്തി.

## Bishop's Engagements

**APRIL 2017**

| | | | | |
|---|---|---|---|---|
| 3 | Mon | Engaged | | |
| 6 | Thu | Holy Qurbana | Cathedral | 10.00 am |
| 7 | Fri | Pilgrimage to Malekurisu | Arakuzha | 8.30 am |
| | | Popular Mission Retreat | Vandamattam | 5.30 pm |
| 8 | Sat | Diaconate Ordination | Minor Seminary | 10.30 am |
| 9 | Sun | Palm Sunday | | |
| 10 | Mon | Blessing of Chrism | Cathedral | 10.00 am |
| 11 | Tue | Engaged | Vijayapuram | |
| 13 | Thu | Maundy Thursday | | |
| 14 | Fri | Good Friday | | |
| 15 | Sat | Holy Saturday | | |
| 16 | Sun | Easter | | |
| 17 | Mon | SABS Vestition | Thodupuzha | 10.30 am |
| 18 | Tue | Presbyterium | | |
| 20 | Thu | Catechetical Committee | Bishop's House | 10.00 am |
| 21 | Fri | Engaged | | |
| 22 | Sat | Holy Qurbana | Muthalakodam | 7.15 am |
| | | Requiem Mass | Marady | 11.00 am |
| 23 | Sun | Holy Qurbana | Divine Mercy Shrine | 6.45 am |
| | | Episcopal Ordination | Changanacherry | 2.00 pm |
| 24 | Mon | KCSL Meeting | | |
| 25 | Tue | Presbyteral Council | | |
| 26 | Wed | Engaged | | |
| 27 | Thu | Ordination | Cheppukulam | 9.15 am |
| | | Holy Qurbana | Bethel | 3.00 pm |
| 28 | Fri | Holy Qurbana | Kuthupara | 5.00 pm |
| 29 | Sat | Pastoral Council | | |
| 30 | Sun | Engaged | | |



## സന്യാസസമൂഹങ്ങളുടെ പുതിയ സാരഥികൾ

### CSN Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Deepa CSN |
| Provincial Councillors | : | Rev. Sr. Grace Maria CSN |
| | | Rev. Sr. Theodesia CSN |
| | | Rev. Sr. Soumya CSN |
| | | Rev. Sr. Jyothi Maria CSN |
| | | Rev. Sr. Anu Therese CSN |

### SMS Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Christy SMS |
| Provincial Councillors | : | Rev. Sr. Anto SMS |
| | | Rev. Sr. Anie James SMS |
| | | Rev. Sr. Jyothi SMS |
| | | Rev. Sr. Vimal Jose SMS |
| Provincial Secretary | : | Rev. Sr. Josty SMS |
| Provincial Bursar | : | Rev. Sr. Tisa SMS |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | " | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | " | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | " | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | " | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | " | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | " | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | " | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | " | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | " | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | " | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | " | 17-05-1985 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | " | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | " | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | " | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | " | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | " | 31-05-1995 |

## നിര്യാതരായി

### റവ. സി. ജെയിംസ് പുളിക്കൽ SD

ഇടവക : കോതമംഗലം
ജനനം : 16-03-1925
ആദ്യവ്രതം : 06-01-1948
നിത്യവ്രതം : 24-04-1953
മരണം : 03-02-2017
മൃതസംസ്കാരം : 04-02-2017 (കോഴിപ്പിള്ളി)



### റവ. സി. ലീന മരിയ FCC (കിഴക്കേൽ)

ഇടവക : ബത്‌ലഹേം
ജനനം : 22-04-1937
ആദ്യവ്രതം : 07-05-1962
നിത്യവ്രതം : 07-05-1965
മരണം : 22-02-2017
മൃതസംസ്കാരം : 23-02-2017 (ഈസ്റ്റ് വാഴപ്പിള്ളി)

### റവ. സി. ക്രിസ്റ്റഫർ FCC (കളപ്പുരയ്ക്കൽ)

ഇടവക : കലയന്താനി
ജനനം : 22-08-1933
ആദ്യവ്രതം : 16-05-1952
നിത്യവ്രതം : 01-05-1958
മരണം : 03-03-2017
മൃതസംസ്കാരം : 06-03-2017 (ഈസ്റ്റ് വാഴപ്പിള്ളി)

### റവ. സി. ജെമ്മ CSN

ഇടവക : കല്ലൂർക്കാട്
ജനനം : 09-02-1932
ആദ്യവ്രതം : 19-03-1953
നിത്യവ്രതം : 17-03-1958
മരണം : 15-03-2017
മൃതസംസ്കാരം : 16-03-2017 (CSN പ്രൊവിൻഷ്യൽ ഹൗസ് രാമല്ലൂർ)

### റവ. സി. ആനീസ് അഗസ്റ്റിൻ SH (അറയ്ക്കത്തോട്ടം)

ഇടവക : കരിമണ്ണൂർ
ജനനം : 19-07-1937
ആദ്യവ്രതം : 02-05-1960
നിത്യവ്രതം : 02-05-1963
മരണം : 16-03-2017
മൃതസംസ്കാരം : 18-03-2017 (മൈലക്കൊമ്പ്)